**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 143** **29-01-2024 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളിലെ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണ കേസുകളിലും അവർ കൊലചെയ്യപ്പെടുന്ന കേസുകളിലും പോലീസ് അന്വേഷണം കാര്യക്ഷമമാകാത്തതിന്റെ പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ റിപ്പോർട്ട് ചെയ്യുന്ന എല്ലാ കേസുകളിലും കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികൾക്കെതിരെ പരമാവധി തെളിവുകൾ ശേഖരിച്ച് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വാളയാറിലും വണ്ടിപ്പെരിയാറിലും കുട്ടികളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസുകളിൽ, പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്തു നിന്നും കൃത്യ വിലോപം ഉണ്ടായതു മൂലം പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യം ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | **ബഹു.കോടതി വിധിയിലെ പരാമർശം ഗൗരവമായി കണ്ട്, വിധിയ്ക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ 13 ഉം 9 ഉം വയസ്സുള്ള സഹോദരിമാരുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് വാളയാർ പോലീസ് സ്റ്റേഷനിൽ യഥാക്രമം ക്രൈം നം.43/2017, 240/2017 പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിരുന്നു. രണ്ടു കേസുകളിലേയും വിചാരണ പൂർത്തിയാക്കി കോടതി പ്രതികളെ വിട്ടുതൽ ചെയ്തിട്ടുള്ളതാണ്. തുടർന്ന് നൽകിയ അപ്പീലിൽ കേസുകൾ പുനഃരന്വേഷണം നടത്തുന്നതിന് ബഹു. കോടതി ഉത്തരവായിട്ടുള്ളതും കേസുകൾ അന്വേഷണത്തിനായി CBI-ക്ക് കൈമാറിയിട്ടുള്ളതുമാണ്.** |
| (സി) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ആക്രമണ കേസുകളിലും അവർ കൊലചെയ്യപ്പെടുന്ന കേസുകളിലും പോലീസ് അന്വേഷണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | **ഇരകൾക്ക് നീതി ലഭിക്കുന്നതിനായി സമഗ്രവും ശാസ്ത്രീയവും കാര്യക്ഷമവുമായ രീതിയിൽ അന്വേഷണം നടത്തിവരുന്നു.** |

സെക്ഷൻ ഓഫീസർ